1

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4815 05/02/2014-ൽ മറുപടിയ്ക്ക്

## തെങ്ങുസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് തെങ്ങുകൾ പലതരം രോഗങ്ങളാൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങൾ കാറ്റുവീഴ്ച, കൂമ്പുചീയൽ എന്നിവയാണ്. രോഗ നിയന്ത്രണത്തിനായി പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതി കൃഷി വകുപ്പും, നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഗുരുതരമായി രോഗം ബാധിച്ചതും ഉല്പാദനം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുക, പകരം ഉല്പാദന ശേഷി കൂടിയ ഇനം തൈകൾ വച്ചു പിടിപ്പിക്കുക, രോഗാരംഭത്തിലുള്ള തെങ്ങുകൾക്കും മറ്റ് ആരോഗ്യമുള്ള തെങ്ങുകൾക്കും ശാസ്ത്രീയ പരിചരണ മുറകളിലൂടെ ഉല്പാദന വർദ്ധനവിനുള്ള പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയ പൈലറ്റ് പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും തെങ്ങു സംരക്ഷണത്തിന് എത്ര തുക വകയിരുത്തി; അതിൽ എത്ര തുക ചെലവാക്കി; എത്ര തുക ലാപ്സായി; വിശദാംശം വ്യക്തമാക്കുമോ; | ബി) & സി) | 2013-14 വർഷത്തിൽ ഇതിനായി പ്രത്യേക പദ്ധതികളും തുകയും വകയിരുത്തിയിട്ടില്ല. മഴക്കാലം ആരംഭിക്കുന്നതോടു കൂടി തെങ്ങിനെ ബാധിക്കുന്ന കൂമ്പുചീയൽരോഗം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ വ്യാപകമായിരുന്നു. രോഗ നിയന്ത്രണത്തിനായി 4,34,347 തെങ്ങുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഇതിനായി 260.6066 ലക്ഷം രൂപ കർഷകർക്ക് ചെലവായിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ കേരഫെഡിൽ നിന്നും, 20 ലക്ഷം രൂപ ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ നിന്നും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കി തുക റീ അപ്രോപ്രിയേഷൻ വഴി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ഇതിനായി 2013-14 നടപ്പു വർഷം എത്ര തുക വകയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; വ്യക്തമാക്കുമോ; | | |

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്താകമാനം ഏകദേശം എത്ര തെങ്ങുകൾ ഉണ്ടായിരുന്നതായിട്ടാണ് സർക്കാർ മനസ്സിലാക്കിയിട്ടുള്ളത്; ആയത് ഇപ്പോൾ എത്ര; വ്യക്തമാക്കുമോ;

ഡി) ഏകദേശം 1436.51 ലക്ഷം തെങ്ങുകൾ ഉണ്ടായിരുന്നതായി കണക്കാക്കുന്നു. ഇപ്പോൾ 2012-13 ലെ കണക്കുകൾ പ്രകാരം ഇത് 1396.78 ലക്ഷം തെങ്ങുകൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഇ) സംസ്ഥാനത്ത് രോഗബാധയേറ്റ ശരാശരി എത്ര തെങ്ങുകൾ ഓരോ ദിവസവും മുറിച്ചുമാറ്റുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് അതിനുള്ള കാരണം കണ്ടെത്തുമോ; വിശദമാക്കുമോ;

ഇ) ഉണ്ട്. രോഗബാധയേറ്റവയിൽ കാറ്റ് വീഴ്ച രോഗം മൂലം ഉത്പാദനം കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ ദിവസവും മുറിച്ചുമാറ്റുന്ന തെങ്ങുകളുടെ എണ്ണം കൃഷി ഭവൻ തലത്തിലുള്ള ക്ലസ്റ്ററുകൾ മുഖേനയും കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി മുഖേനയും പരിശോധിക്കുന്നുണ്ട്.

എഫ്) കേര കർഷകരെ രക്ഷിക്കാൻ സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുവാനുള്ള പോളൻ ബാങ്ക് പദ്ധതിക്കായി സർക്കാർ 2013-14 ബജറ്റിൽ എത്ര തുക പ്രഖ്യാപിച്ചു; നാളിതുവരെ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക ചിലവഴിച്ചു; എത്ര തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചു; എത്ര കർഷകർക്ക് നൽകി; വിശദാംശം വ്യക്തമാക്കുമോ?

എഫ്) പോളൻ ബാങ്ക് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ